# INDIAN SCHOOL AL WADI AL KABIR

| CLASS: IX | DEPARTMENT: MALAYALAM | DATE : 06/06/2021 |
|---|---|---|
| Class Note | Lesson: Short Essays | Topic:മാതൃഭാഷാപഠനം, വായനാശീലം |

## മാതൃഭാഷാപഠനം

നമ്മെ പ്രസവിച്ച അമ്മയുടെ സ്ഥാനമാണ് മാതൃഭാഷയ്ക്കുള്ളത്. മറ്റു ഭാഷകളെല്ലാം വെറും വളർത്തമ്മമാർ. 'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി' എന്ന് വാല്മീകി രാമായണത്തിൽ പറയുന്നുണ്ട്. അമ്മയും പിറന്ന നാടും സ്വർഗ്ഗത്തെക്കാൾ മാഹാത്മ്യം അർഹിക്കുന്നുവെന്നു സാരം. അതേ പ്രാധാന്യം തന്നെയാണ് മാതൃഭാഷയ്ക്കുമുള്ളത്. "നമ്മുടെ ഭാഷതാൻ എൻ തറവാട്ടമ്മ. അന്യയാം ഭാഷ വിരുന്നുകാരി" എന്നുള്ള കവി വാക്യവും മാതൃഭാഷയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു.

ഇന്ന് എല്ലാ മേഖലകളിലും ഇംഗ്ലീഷ് സ്വാധീനമാണ് തെളിഞ്ഞു കാണുന്നത്. സംസ്കാരം, വസ്ത്രം, ഭക്ഷണം, തുടങ്ങിയവയിലെല്ലാം ആ സ്വാധീനം കാണാം. പക്ഷേ അതിന്റെ പേരിൽ മലയാളത്തനിമ നാം കളഞ്ഞുകുളിക്കരുത്. എവിടെച്ചെന്നാലും നാം മലയാളികളാണെന്നും മലയാളമാണ് നമ്മുടെ മാതൃഭാഷയെന്നും തുറന്നുപറയാൻ മടി കാട്ടരുത്.

മലയാളം അറിയാത്ത വിദേശമിഷനറിമാർ കേരളത്തിൽ വന്ന്, മലയാളം പഠിക്കുകയുണ്ടായി. അവരിൽ പലരും നമ്മുടെ ഭാഷയ്ക്ക് ലക്ഷണയുക്തമായ വ്യാകരണവും നിഘണ്ടുവും രചിച്ചിട്ടുണ്ട്. ഹെർമൻ ഗുണ്ടർട്ട് എന്ന ജർമ്മൻ പാതിരിയാണ് മലയാളത്തിലെ ആദ്യനിഘണ്ടു തയ്യാറാക്കിയത്. അതിനും വളരെക്കഴിഞ്ഞാണ് മലയാളികളുടെ ശ്രദ്ധ ആ വഴിക്കു തിരിഞ്ഞത്.

നമ്മുടെ വിദ്യാലയങ്ങൾ മിക്കതും ഇംഗ്ലീഷ് മീഡിയങ്ങളായി മാറിക്കൊണ്ടിരിക്കുന്നത് നമ്മെ ഭാഷയോടകറ്റുന്ന ഒരു ഘടകമാണ്. ജോലി സാധ്യതയും മറ്റും വച്ചു നോക്കുമ്പോൾ അതാണ് നമുക്കാവശ്യമായ വിദ്യാഭ്യാസരീതി എന്നും തോന്നാം. പക്ഷേ, അപ്പോഴും മാതൃഭാഷയെ നാം മറക്കാൻ പാടില്ല. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പോലും മലയാളത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുത്താൽ അത് ഭാഷയോടു ചെയ്യുന്ന ആദരവ് ആയിരിക്കും. കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയത്തിൽ മാതൃഭാഷാപഠനത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ടെന്നത് ആശ്വാസകരമാണ്.

***

## പുസ്തകം ഒരു സുഹൃത്ത്/ വായനാശീലം

ഗ്രന്ഥശാലാസംഘത്തിന്റെ 'വായിക്കുക വളരുക' എന്ന മുദ്രാവാക്യം അർത്ഥവത്താണ്. ഒരു വ്യക്തി നേടുന്ന വിദ്യാഭ്യാസത്തിന്റെ കാൽഭാഗം മാത്രമേ ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നുള്ളു. ബാക്കിയുള്ളതിന്റെ ഭൂരിഭാഗവും വായനയിൽ കൂടി ലഭിക്കേണ്ടതാണ്.

പുസ്തകം ഒരു അടുത്ത ചങ്ങാതിയാണ്. ഗുണകരമായതും മാനസികവികാസത്തിന് ഉതകുന്നതുമായ പുസ്തകങ്ങൾ നാം വായിക്കേണ്ടിയിരിക്കുന്നു. ചീത്തപ്പുസ്തകങ്ങൾ വിഷം കലർന്ന ആഹാരം പോലെ നമ്മെ നശിപ്പിക്കും. കൂട്ടുകാരനിൽ നിന്ന് എന്നപോലെ പുസ്തകം മനസ്സിന് ഉല്ലാസം നൽകുന്നു. വിശ്രമവേളയിലെ നല്ല വിനോദമാണ് വായന. പുസ്തകവായന മനസ്സിന്റെ ശാന്തിയും ശക്തിയും വർദ്ധിപ്പിക്കുന്നു.

പുസ്തകം ഒരു നല്ല മാർഗ്ഗദർശിയാണ്. ജീവിതമാകുന്ന വഴിയിൽ പലപ്പോഴും നമുക്ക് സഹായമാവുന്നത് വായനയിൽ നിന്ന് ലഭിക്കുന്ന അറിവും അനുഭവങ്ങളുമാവും. തലമുറകളായി മനുഷ്യരാശി സമാർജിച്ച അനുഭവങ്ങളുടെ രത്നശേഖരമാണ് ഗ്രന്ഥങ്ങൾ. ജീവിതത്തിൽ പ്രശ്നങ്ങൾക്കു മുൻപിൽ പകച്ചു പോകുന്നവർ വായനയുടെ കാര്യത്തിൽ ദരിദ്രരാണെന്ന കാര്യം മറക്കരുത്.

അറിവു പകരുന്ന ഗുരുനാഥനായ കൂട്ടുകാരനാണ് പുസ്തകം. വടിയെടുക്കാതെയും കണ്ണുരുട്ടാതെയും നമ്മെ പഠിപ്പിക്കുന്ന പുസ്തകങ്ങൾ അറിവിന്റെ വിശാലചക്രവാളത്തിലേക്ക് നമ്മെ നയിക്കുന്നു. അധ്യാപകൻ സുഹൃത്താവുക, സുഹൃത്ത് അധ്യാപകനാവുക ഇതു രണ്ടും പുസ്തകത്തിന്റെ കാര്യത്തിൽ അർത്ഥവത്താണ്.

നല്ല പുസ്തകങ്ങൾ സൂക്ഷിക്കുന്ന ഒരു ഗ്രന്ഥശാല മെച്ചപ്പെട്ട ഒരു സർവ്വകലാശാലയാണ്. എന്നാൽ ചീത്തപ്പുസ്തകങ്ങൾ അപകടകാരിയായ സുഹൃത്തിനെ പോലെ നമ്മെ കുഴിയിൽ ചാടിക്കും. അതിനാൽ നല്ല പുസ്തകങ്ങളായിരിക്കണം നാം തിരഞ്ഞെടുത്തു വായിക്കേണ്ടത്. മാധ്യമങ്ങൾ ദുഷിച്ചാൽ അതു സമൂഹനാശത്തിന് കാരണമാകുമെന്ന് ബുദ്ധിജീവികൾ പറയുന്നത് അതുകൊണ്ടാണ്.

***